بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 03.01.2025

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## വഖ്ഫെ ജദീദ് 68ാം വർഷ പ്രഖ്യാപനം

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ
نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ
عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ ۚ
وَمَا تُنْفِقُوْا مِنْ شَيْءٍ فَاِنَّ اللّٰهَ بِهٖ عَلِيْمٌ ﴿۹۳﴾

നിങ്ങളുടെ ഇഷ്ടപ്പെട്ട സാധനങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാതെ നിങ്ങൾക്ക് യഥാർത്ഥ നന്മ ആർജിക്കാൻ സാധ്യമല്ല. നിങ്ങൾ ചെലവഴിക്കുന്നതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു.

ഒരു യഥാർത്ഥ വിശ്വാസി അല്ലാഹുവിന്റെ തൃപ്തി അന്വേഷിച്ചുകൊണ്ടിരിക്കുന്നു; നന്മയുടെ ഉന്നത നിലവാരങ്ങൾ കരസ്ഥമാക്കാൻ ശ്രമിക്കുന്നു; അല്ലാഹുവിന്റെ സാമിപ്യത്തിലേക്ക് അടുപ്പിക്കുന്ന നിലവാരം പ്രാപിക്കാൻ ശ്രമിക്കേണ്ടതുമാണ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള ചെലവഴിക്കലും ഒരു നന്മയാണെന്ന് പറയുന്നു. ഈ ആയത്തിലും നിങ്ങൾ ഇഷ്ടപ്പെടുന്ന സമ്പത്ത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നത് ഒരു വലിയ നന്മയായി എടുത്തു പറയുന്നു. തീർച്ചയായും അല്ലാഹു എല്ലാ നന്മയ്ക്കും പ്രതിഫലം നൽകുന്നു. പക്ഷേ മനുഷ്യന് സമ്പത്തിനോട് ഒരു പ്രത്യേക സ്നേഹം ഉള്ളതുകൊണ്ടാണ് ആ കാര്യത്തിലേക്ക് പ്രത്യേകമായി ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സമ്പത്തിനോട് സ്നേഹം ഉണ്ടാകാൻ പാടില്ല. അല്ലാഹു പറയുന്നത്, നിങ്ങൾ ഇഷ്ടപ്പെടുന്ന സാധനങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്നത് വരെ നിങ്ങൾക്ക് ശരിയായ നന്മ പ്രാപിക്കാൻ സാധ്യമല്ലെന്നാണ്. തിരുനബി(സ)യുടെ കാലഘട്ടവുമായി ഇന്നത്തെ അവസ്ഥകളെ താരതമ്യം ചെയ്യുകയാണെങ്കിൽ ആ കാലഘട്ടത്തിലെ അവസ്ഥകളെ കാണുമ്പോൾ വളരെ സങ്കടം തോന്നുന്നു. കാരണം ജീവനെക്കാളും പ്രിയപ്പെട്ട മറ്റൊരു കാര്യവുമില്ല. ആ കാലഘട്ടത്തിൽ അല്ലാഹുവിന്റെ മാർഗത്തിൽ ജീവൻ ത്യജിക്കേണ്ടി വന്നിരുന്നു. നിങ്ങളെപ്പോലെ അവരും ഭാര്യാമക്കൾ ഉള്ളവരായിരുന്നു. ജീവൻ എല്ലാവർക്കും വളരെ പ്രിയപ്പെട്ടതാണ്. പക്ഷേ അവർ എപ്പോഴും അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുന്നതിനുള്ള അവസരം പാർത്തു കഴിയുന്നവരായിരുന്നു.

തുടർന്നു പറയുന്നു: വ്യർഥവും മോശവുമായ വസ്തുക്കൾ ചെലവഴിച്ചുകൊണ്ട് ഒരാൾക്കും തന്നെ താൻ നന്മ ചെയ്തു എന്ന് പറയാൻ സാധ്യമല്ല. നന്മയുടെ കവാടങ്ങൾ വളരെ ഇടുങ്ങിയതാകുന്നു. ആയതിനാൽ ഒരു കാര്യമോർക്കുക; മോശമായ വസ്തുക്കൾ ചെലവഴിച്ചുകൊണ്ട് ആർക്കും തന്നെ അതിലൂടെ കടന്നുപോകാൻ സാധ്യമല്ല. കാരണം ഖുർആൻ വ്യക്തമായും പറയുന്നു; لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوْا مِمَّا تُحِبُّوْنَ നിങ്ങൾ ഏറ്റവും ഇഷ്ടപ്പെട്ട വസ്തുക്കൾ ചെലവ് ചെയ്യുന്നത് വരെയും അല്ലാഹുവിന്റെ ഇഷ്ടമുള്ള ആളുകളും സംപ്രീതരുമാകാൻ നിങ്ങൾക്ക് സാധ്യമല്ല... സ്വഹാബാക്കൾ വളരെ സൗജന്യമായിട്ടല്ല ഈ നിലവാരത്തിലേക്ക് എത്തിയത്. ഭൗതികമായ അവാർഡുകൾ കരസ്ഥമാക്കുന്നതിന് എത്രമാത്രം സംഖ്യ ചെലവഴിക്കുകയും പ്രയാസങ്ങൾ അനുഭവിക്കുകയും ചെയ്യേണ്ടിവരുന്നു. പിന്നെയാണ് വളരെ നിസ്സാരമായ അവാർഡുകൾ ലഭ്യമാകുന്നത്. അത് മുഖേന മനസ്സമാധാനവും മനസംതൃപ്തിയും ലഭിക്കുന്നുമില്ല. എന്നിരിക്കെ മനസ്സിന് സമാധാനവും സംതൃപ്തിയും നൽകുകയും അല്ലാഹുവിന്റെ തൃപ്തിയുടെ അടയാളമായ റദിയല്ലാഹു അൻഹും എന്ന ബഹുമതിയും വളരെ എളുപ്പത്തിൽ കരസ്ഥമാക്കാൻ കഴിയുമോ?... അല്ലാഹുവിനെ വഞ്ചിക്കാൻ ആർക്കും സാധ്യമല്ല. ആയതിനാൽ ദൈവീകമായ തൃപ്തിക്കുവേണ്ടി പ്രയാസങ്ങളെ പരിഗണിക്കാത്തവൻ അനുഗ്രഹീതരാകുന്നു. കാരണം ശാശ്വതമായ സന്തോഷവും ശാശ്വതമായ സുഖത്തിന്റെ പ്രകാശവും ഈ താൽക്കാലികമായ പ്രയാസത്തിനുശേഷമാണ് വിശ്വാസിക്ക് ലഭ്യമാകുന്നത്.

ലോകത്ത് മനുഷ്യൻ സമ്പത്തിനോട് അത്യധികം സ്നേഹം കാണിക്കുന്നു. അതുകൊണ്ടു തന്നെ ആരെങ്കിലും തന്റെ കരൾ പറിച്ചു കൊടുത്തതായി സ്വപ്നം കാണുകയാണെങ്കിൽ അതിന്റെ അർത്ഥം സമ്പത്ത് ആകുന്നുവെന്ന് സ്വപ്നവ്യാഖ്യാനങ്ങളിൽ എഴുതിയിരിക്കുന്നു.

യഥാർത്ഥ നന്മ പ്രാപിക്കാൻ ഇഷ്ടപ്പെട്ട സമ്പത്തിൽനിന്ന് ചെലവഴിക്കേണ്ടത് ആവശ്യമാണെന്ന രഹസ്യം അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾ ശരിയായ രീതിയിൽ മനസ്സിലാക്കിയിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ശിക്ഷണ പരമായിട്ടുണ്ടാക്കിയ സ്വാധീനത്തിൽ ഇന്നുവരെയും പണ്ട് സ്വഹാബാക്കൾ സ്ഥാപിച്ചിരുന്ന ഈ ത്യാഗത്തിന്റെ നിലവാരം നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സ്വഹാബാക്കൾ അത് നിലനിർത്തി. തുടർന്ന് ഓരോ ഖിലാഫത്തിന്റെ കാലഘട്ടത്തിലും ഈ ത്യാഗങ്ങൾ നമ്മൾ കണ്ടതാണ്. ഇന്നും അത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പിശുക്കും വിശ്വാസവും ഒരു ഹൃദയത്തിൽ ഒരുമിച്ചുകൂടുകയില്ലെന്ന് ഞാൻ ഉറപ്പിച്ചു മനസ്സിലാക്കുന്നു... നമ്മുടെ സമൂഹം ഈ പ്രസ്ഥാനത്തിന്വേണ്ടി നല്ലപോലെ സേവനങ്ങൾ ചെയ്യേണ്ടതാണ്. സാമ്പത്തികമായി സേവനം ചെയ്യുന്നതിലും അമാന്തം കാണിക്കരുത്. ലോകത്ത് ഒരു പ്രസ്ഥാനവും ചന്ദഃ കൂടാതെ നടക്കുന്നതല്ല. എല്ലാ പ്രവാചകന്മാരുടെ കാലത്തും സമ്പത്ത് സ്വരുക്കൂട്ടിയിട്ടുണ്ട്. അതുകൊണ്ട് നമ്മുടെ ജമാഅത്തും ഈ കാര്യം മനസ്സിലാക്കേണ്ടതാണ്. ഇവർ കൃത്യമായി ഓരോരോ പൈസ വർഷം മുഴുവനും കൊടുക്കുകയാണെങ്കിൽ ഒരുപാട് കാര്യങ്ങൾ സാധ്യമാകുന്നതാണ്. ഇത് സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ അവ്വൽ(റ)ന്റെ മാതൃക എന്തായിരുന്നുവെന്നതിനെപറ്റി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ കാര്യങ്ങൾ സമർപ്പിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഒരിക്കൽ ഖലീഫത്തുൽ മസീഹ് അൽഅവ്വൽ(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എഴുതുന്നു, പീറും മുർഷിദുമായുള്ളോവേ! ഞാൻ തികഞ്ഞ സത്യസന്ധതയോടെ കൂടി പറയട്ടെ, എന്റെ എല്ലാ സമ്പത്തും പ്രചാരണത്തിന്വേണ്ടി ചെലവഴിക്കപ്പെടുകയാണെങ്കിൽ ഞാനെന്റെ ഉദ്ദേശത്തിൽ വിജയിച്ചിരിക്കുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) വഖ്ഫ് ജദീദിന്റെയും തഹ്രീക് ജദീദിന്റെയും വിളംബരം നടത്തിയപ്പോൾ ഒരുപാട് ദരിദ്രരായ ജനങ്ങൾ ചെറിയ ചെറിയ സംഖ്യകൾ ചന്ദകൾ നൽകാൻ തുടങ്ങി. ചിലർ കോഴിയെ കൊണ്ടുവന്നു, ചിലർ കോഴിമുട്ടയുമായാണ് വന്നത്. എന്നിട്ട് പറഞ്ഞു: ഞങ്ങളുടെ കയ്യിലുള്ളതെല്ലാം കൊണ്ടുവന്നിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ഡോക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബിന്റെ ഉദാഹരണവും ചില സ്വഹാബാക്കളുടെ നിവേദനങ്ങളും സമർപ്പിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധ ശക്തിയുടെ ഫലമായി അന്നും ഇന്നും ആ മാതൃകകളും ആ ആത്മാവും നമുക്ക് കാണാൻ കഴിയുന്നുണ്ട്.

ഇതിനുശേഷം ഹുസൂർ തിരുമനസ്സ് മാർഷൽ ഐലൻഡിലെയും കസാകിസ്ഥാനിലെയും കാമറൂണിലെയും നൈജീരിയയിലേയും ഗാംബിയയിലെയും താൻസാനിയയിലെയും ചെക്ക്റിപ്പബ്ലിക്കിലേയും ഏതാനും ആത്മാർഥതയുടേയും ത്യാഗത്തിന്റേയും സംഭവങ്ങൾ വിവരിക്കുകയുണ്ടായി. തുടർന്ന് പറഞ്ഞു:

ഇന്ത്യയിൽനിന്നുള്ള ഒരു ഇൻസ്പെക്ടർ എഴുതുന്നു, ഒരു സുഹൃത്തിന്റെ വഖ്ഫ് ജദീദ് ചന്ദഃ 24000 ആയിരുന്നു. ഏതാനും ദിവസം മാത്രമേ ബാക്കിയുള്ളൂ. അദ്ദേഹത്തിന്റെ പക്കൽ ഒരു അത്യാവശ്യ കാര്യത്തിന്വേണ്ടി വെച്ച കുറച്ച് പൈസ ഉണ്ട്. അദ്ദേഹം അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ട് ആ തുക ചന്ദഃ നൽകുകയുണ്ടായി. അടുത്ത ദിവസം തന്നെ അദ്ദേഹത്തിന് എവിടെയോ കച്ചവടത്തിൽ കുടുങ്ങിക്കിടന്നിരുന്ന ഒരു വലിയ തുക പെട്ടെന്ന് കിട്ടുകയുണ്ടായി. നോക്കുക അല്ലാഹു പറയുന്നു: നിങ്ങൾ എന്നെ ലാക്കാക്കിക്കൊണ്ട് സമ്പത്തിനോടുള്ള സ്നേഹം ഒഴിവാക്കുകയാണെങ്കിൽ നിങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങളെ ഒഴിവാക്കിക്കൊണ്ട് ജമാഅത്തി പരമായ ആവശ്യങ്ങൾ പൂർത്തീകരിക്കാൻ ശ്രമിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ സഹായിക്കുന്നതാണ്. അങ്ങനെ അല്ലാഹു ഈ രീതിയിൽ സഹായിക്കുകയും ചെയ്യുന്നു.

ജമാഅത്തിൽ ഉണ്ടാകുന്ന ചെലവുകൾ ഉണ്ട്, ലോകത്തുള്ള നമ്മുടെ ഒരുപാട് മിഷനുകൾ ഉണ്ട്. തഹ്രീക് ജദീദിന്റെയും വഖ്ഫ് ജദീദിന്റെയും വരവ് മാത്രമാണ് കേന്ദ്രത്തിലേക്ക് വരുന്നത്. ബാക്കി പ്രാദേശിക രാജ്യങ്ങളിൽ ചെലവാക്കപ്പെടുന്നു.

ഈ ചിലവൊക്കെ ഇതേ ചന്ദഃകളിലൂടെയാണ് നടക്കുന്നത്. ആഫ്രിക്കയിൽ ഒരുപാട് ആളുകൾ സാമ്പത്തിക ഭദ്രതയുള്ളവർ അല്ലാതിരുന്നിട്ടും ചന്ദ കൊടുക്കുന്നു. ദരിദ്യംകൊണ്ട് അവിടെ ചിലവുകളും ഒരുപാടുണ്ട്. മിഷൻ ഹൗസുകളും പള്ളികളുമുണ്ട്. ഇപ്പോൾ ആഫ്രിക്കയിൽ 7953 മസ്ജിദുകൾ ഉണ്ട്. 306 മസ്ജിദുകൾ നിർമാണത്തിലാണ്. 1860 മിഷൻ ഹൗസുകൾ പ്രവർത്തിക്കുന്നു. നമ്മുടെ 400 കേന്ദ്ര മുബല്ലിഗുമാർ അവിടെ പ്രവർത്തിക്കുന്നു. 2000 മുഅല്ലിമീംകൾ ജോലി ചെയ്യുന്നുണ്ട്. അതുപോലെ ഖാദിയാൻ, സൗത്ത് അമേരിക്ക, ദ്വീപുകൾ തുടങ്ങിയ കേന്ദ്രങ്ങൾക്ക്വേണ്ടിയും ചെലവഴിക്കപ്പെടുന്നു. സാഹിത്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ചെലവുണ്ട്. (106 രാജ്യങ്ങളിലേക്ക് നൽകുന്ന വാർഷിക ഗ്രാന്റുണ്ട്, പിന്നെ ജാമിഅകളുണ്ട്. എം.ടി.എ.ക്കും മില്യൺ കണക്കിന് ചെലവുണ്ട്.) പക്ഷേ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ചെലവുകൾ എല്ലാം നടക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് അല്ലാഹു ഞാൻ നിനക്ക് ധാരാളം സമ്പത്ത് നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. അത് അല്ലാഹു നൽകുകയും ചെയ്യുന്നു. അത് ശരിയായി വിനിയോഗിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അതിൽ യാതൊരു വിധത്തിലുള്ള ക്രമക്കേടും ഉണ്ടാകാതിരിക്കട്ടെ.

(മസീഹ് മൗഊദ്(അ) പറയുന്നു: സമ്പത്തിനോടും അല്ലാഹുവിനോടും ഒരുപോലെ സ്നേഹം കാണിക്കാൻ നിങ്ങൾക്ക് സാധ്യമല്ല. ഒന്നിനെ മാത്രമേ സ്നേഹിക്കാൻ കഴിയൂ. ആയതിനാൽ അല്ലാഹുവിനോട് സ്നേഹം പുലർത്തുന്നവൻ സൗഭാഗ്യവാൻ! അവന്റെ മാർഗത്തിൽ ചെലവഴിക്കുകയാണെങ്കിൽ ഞാൻ നിങ്ങൾക്ക് ഉറപ്പ് നൽകുന്നു; അവന്റെ സമ്പത്തിൽ മറ്റുള്ളവരെ അപേക്ഷിച്ച് അധികമായി അനുഗ്രഹം ചൊരിയപ്പെടുന്നതാണ്. നിങ്ങൾ എല്ലാവരും സഹായം പിൻവലിക്കുകയാണെങ്കിൽ അവൻ മറ്റൊരു സമൂഹത്തെ കൊണ്ടുവരുന്നതാണ്. നിങ്ങൾക്ക് സേവനം ചെയ്യാൻ അവസരം നൽകിയത് നിങ്ങൾക്ക്മേലുള്ള അവന്റെ അനുഗ്രഹമാകുന്നു.)

ഹുസൂർ തിരുമനസ്സ് കഴിഞ്ഞ വർഷത്തെ വഖ്ഫ് ജദീദിന്റെ റിപ്പോർട്ട് സമർപ്പിച്ചുകൊണ്ട് പറഞ്ഞു: വഖ്ഫ് ജദീദിന്റെ 67 ാമത്തെ വർഷം അവസാനിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആഗോള അഹ്മദിയ്യാ ജമാഅത്തിന് ഈ വർഷം 1,36,81,000 പൗണ്ട് അതായത് ഏകദേശം 14 മില്യൺ സാമ്പത്തിക ത്യാഗം സമർപ്പിക്കാൻ സൗഭാഗ്യം ലഭിച്ചു. ഈ തുക കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 7,36,000 പൗണ്ട് അധികമാണ്. ഇതിൽ പങ്കെടുത്തവർ 15 ലക്ഷത്തി 51 ആയിരമാണ്. അൽഹംദുലില്ലാഹ്.

പിരിവിന്റെ അടിസ്ഥനത്തിൽ ആദ്യപത്ത് ജമാഅത്തുകൾ ബ്രിട്ടൻ, കാനഡ, ജർമനി, അമേരിക്ക, ഭാരത്, ആസ്ട്രേലിയ, മിഡിൽ ഈസ്റ്റിലെ ഒരു ജമാഅത്ത്, ഇന്ത്യോനേഷ്യ, മിഡിൽ ഈസ്റ്റിലെ മറ്റൊരു ജമാഅത്ത്, ബെൽജിയം.

പങ്കാളികളുടെ വർധനവിന്റെ അടിസ്ഥാനത്തിൽ മുൻപന്തിയിൽ ഉള്ള ജമാഅത്തുകൾ: പാകിസ്താൻ, നൈജീരിയ, കാമറൂൺ, സിറാലിയോൺ, ഗാംബിയ, കൊങ്കോബ്രസാവേൽ

ഇന്ത്യയിലെ ആദ്യ 10 സംസ്ഥാനങ്ങൾ: കേരളം, തമിഴ്നാട്, ജമ്മുകശ്മീർ, കർണാടക, തെലുങ്കാന, ഒഡീഷ, പഞ്ചാബ്, വെസ്റ്റ് ബംഗാൾ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്,

ഇന്ത്യയിലെ ആദ്യ 10 ജമാഅത്തുകൾ: കോയമ്പത്തൂർ, ഖാദിയാൻ, ഹൈദരാബാദ്, കോഴിക്കോട്, മഞ്ചേരി, ബാംഗ്ലൂർ, മേലെപാളയം, കൽകത്ത, കേരംഗ്, കരുളായി.

അല്ലാഹു ത്യാഗം ചെയ്യുന്നവരുടെ സമ്പത്തിലും സന്താനങ്ങളിലും ഒരുപാട് അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ദുആ ചെയ്യുക; 2025 വർഷം അനുഗ്രഹങ്ങളുടെ വർഷമായി തീരട്ടെ. അല്ലാഹു എല്ലാ ദ്രോഹങ്ങളിൽനിന്നും ജമാഅത്തിനെ സംരക്ഷിക്കുമാറാകട്ടെ. പാക്കിസ്ഥാനിൽ ഉഗ്രവാദികളുടെ സംഘങ്ങൾ ഇടക്കിടെ തല പൊക്കുകയും നിയമത്തിന്റെ മറയിൽ ജമാഅത്തിനെതിരിൽ എല്ലാ ദ്രോഹങ്ങളും ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നു. (അവിടെ ഒന്നും സുരക്ഷിതമല്ല.) അല്ലാഹു ഈ ദ്രോഹികളെ പിടിക്കുന്നതിന് എത്രയും പെട്ടെന്ന് സംവിധാനമൊരുക്കട്ടെ, അഹ്മദികളെ തന്റെ സംരക്ഷണത്തിലാക്കുമാറാകട്ടെ. ഇപ്പോൾ ഇവർ റബ്വയിലേക്കും കണ്ണുവച്ചിരിക്കുന്നു. അതിനെയും അല്ലാഹു സംരക്ഷിക്കുമാറാകട്ടെ. സ്വലാത്തും ചില ദുആകളും ചൊല്ലുന്നതിലേക്ക് ഞാൻ കുറച്ചു മുമ്പ് ശ്രദ്ധക്ഷണിച്ചിരുന്നു. ഇക്കാര്യത്തിലേക്ക് എല്ലാ അഹ്മദികളും ശ്രദ്ധിക്കേണ്ടതാണ്.

അതുപോലെ ബംഗ്ലാദേശ്, സിറിയ, ആഫ്രിക്കയിലെ ചില രാജ്യങ്ങൾ, ഈ എല്ലാ സ്ഥലങ്ങളേയും അല്ലാഹു തന്റെ സംരക്ഷണത്തിൽ ആക്കുമാറാകട്ടെ. ഓരോ അഹ്മദിയെ സംബന്ധിച്ചിടത്തോളം സ്വയമായും ഇവർക്കുവേണ്ടി ദുആ ചെയ്യേണ്ടത് വളരെ അനിവാര്യമാണ്;

തങ്ങളുടെ രാജ്യങ്ങൾക്കുവേണ്ടിയും, ലോകത്തിലെ പൊതുവായ അവസ്ഥകൾക്കും, യുദ്ധത്തിന്റെ അവസ്ഥകളെ സംബന്ധിച്ചും, അതിന്റെ ദുരവസ്ഥകളിൽനിന്ന് എല്ലാ നിർദോഷികളെയും മർദിതരെയും രക്ഷപ്പെടുത്തുന്നതിനുവേണ്ടിയും അല്ലാഹുവിനോട് ദുആ ചെയ്യുക.

പുതുവർഷം ജനങ്ങൾ ആഘോഷിക്കുന്നു. എല്ലാവരും സ്വന്തം സന്തോഷം മാത്രമാണ് നോക്കുന്നത്. മറ്റുള്ളവരുടെ വേദന മനസ്സിലാക്കുന്നില്ല. സാധുക്കളേയും ദരിദ്രസമൂഹങ്ങളെയും മർദിതരെയും ശക്തരായ രാജ്യങ്ങൾ ദ്രോഹിക്കുന്നു. അല്ലാഹു ഈ വർഷം ശക്തരായ ആളുകളുടെ പദ്ധതികളെ പരാജയപ്പെടുത്തട്ടെ. അല്ലാഹുവിന്റെ ഏകത്വം സ്ഥാപിതമാകുന്നത് കാണാൻ കഴിയുമാറാകട്ടെ. അല്ലാഹു നമുക്ക് അതിനു തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُوْمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak, Islamabad, Tilford, UK – on 03.01.2025

Malayalam Translation: **Moulavi H. Shamsuddin Kavassery**

Typing: **Tariq Alanallur,** Layout: **Moulavi T. Jamshad Mukkam,** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516